കരുണയിൻ സാഗരമേ
ശോക കൊടുംവെയിലേറിടുമ്പോൾ
മേഘത്തിൻ തണലരുളി എന്നെ സാന്ത്വനമായ് നടത്താൻ

കൃപയരുൾക, കൃപയരുൾക അളവെന്യേ പകർന്നീടുക
ഈ ഭൂവിലെൻ യാത്രയതിൽ ദൈവകൃപയരുൾക

1. രോഗങ്ങൾ പീഢകളും നിന്ദ പരിഹാസം ഏറിടുമ്പോൾ
അമിതബലം അരുളി എന്നെ സാന്ത്വനമായ് നടത്താൻ കൃപ..

2. കൂരിരുൾ താഴ്‌വരയിൽ എൻെറ പാദങ്ങൾ ഇടറിടാതെ
അഗ്നിത്തൂണിൻ പ്രഭയാൽ യാനം ചെയ്യുവാനീ മരുവിൽ കൃപ..

3. ഉററവർ ബന്ധുക്കളും എല്ലാ സ്നേഹിതരും വെറുക്കിൽ
സ്നേഹത്തിൻ ആഴമതിൽ ഞാനും നിമജ്ഞനായ് തീർന്നീടുവാൻ
കൃപ..

4. ലോകത്തെ മറന്നീടുവാൻ എല്ലാം ചേതമെന്നെണ്ണീടുവാൻ
ലോകത്തെ ജയിച്ചവനെ നിന്നിൽ അഭയം ഞാൻ തേടിടുന്നു കൃപ..